**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 692** | **30-01-2024 - ൽ മറുപടിയ്ക്ക്**

**കർഷകർക്കുളള സൗജന്യ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിനുളള തുക കൃഷി വകുപ്പിൽ നിന്നും ലഭിക്കാനുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിന് കൃഷി വകുപ്പിൽ നിന്ന് ഇലക്ട്രിസിറ്റി ബോർഡിന് 31.12.2023 വരെ മുതലും OTS പലിശയും ചേർത്ത് 220.69 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്.<br><br>21.07.2021- ന് മുൻമ്പുള്ള കുടിശ്ശിക തുകയ്ക്ക് നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30.12.2023 വരെ ഉണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഇപ്പോൾ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും, അർഹതപ്പെട്ട ഉപഭോ ക്താക്കൾക്കും മാത്രമായി ആയത് 31.03.2024 വരെ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. |
| (ബി) | കൃഷി വകുപ്പ് കുടിശിക വരുത്തിയതിനെ തുടർന്ന് വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനായി കെ.എസ്.ഇ.ബി. കർഷകർക്ക് നോട്ടീസ് നൽകിയിരുന്നോ; | (ബി) | കർഷകർക്കുള്ള സൗജന്യ വൈദ്യുതിക്കുള്ള തുക കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചിലയിട-ങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി കുടിശ്ശികയുടെ വിവരം നോട്ടീസായി കർഷകർക്ക് നൽകിയിട്ടുണ്ട് എന്നാൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടില്ല .<br><br>വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക തീർപ്പാക്കാത്തതിനാൽ കണക്ഷൻ വിച്ഛേദിക്ക ന്നതിന് കെ.എസ്.ഇ.ബി.എൽ ചില ഉപ ഭോക്താക്കൾക്ക് നോട്ടീസ് നൽകിയെങ്കിലും കൃഷി വകുപ്പിൽ നിന്നും ഏതെങ്കിലും കാരണവശാൽ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുവാൻ പാടില്ല എന്ന് കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കർഷകരെ പ്രതിസന്ധിയിലാക്കുന്ന ഈ | (സി) | കർഷകർക്കുള്ള സൗജന്യ വൈദ്യുതിയുടെ |

| | | | |
|---|---|---|---|
| | വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | | കുടിശ്ശികയുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ